13/1/23

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം


പുന്നൻ റോഡ്, തിരുവനന്തപുരം 695 001

Tel: 0471- 2561631, 2561615, Fax: 0471-2330920

Email:- sic.ker@nic.in


## ഹർജി നമ്പർ CP.No.610(5)/16/SIC

## തീർപ്പ്കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

## File No. 11816/SIC-G7/2016

തീയതി : 30.12.2022

സന്നിഹിത

ശ്രീമതി. ശ്രീലത പി. ആർ., സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ. ആർ.ദിനേഷ് ബാബു,
ജോസഫ് ജേക്കബ് സി, ചിറമ്മൽ ഹൗസ്,
എസ്.വി.കോളനി, കോഴിക്കോട് – 673 006. } പരാതി ഹർജിക്കാരൻ

Vs

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കാര്യാലയം,
ചാവക്കാട്. } എതിർകക്ഷി

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷ തീയതി | 11.08.2016 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 06.09.2016 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 23.09.2016 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 27.09.2016 |
| ഹിയറിംഗ് തീയതി | 11.07.2022 |
| എതിർകക്ഷി<br>പരാതി ഹർജിക്കാരൻ | ഹാജരായിരുന്നു<br>ഹാജരായിരുന്നു |

## ഉത്തരവ്

വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയിലൂടെ പരാതി ഹർജിക്കാരൻ ആവശ്യപ്പെട്ടിരുന്നത്, സെന്റ് ഫ്രാൻസിസ് ബോയ്സ് ഹൈസ്കൂൾ മറ്റത്തിൽ ജോലി ചെയ്യുന്ന ജോ ലോറൻസ് ഫിസിക്സ് (എച്ച്.എസ്.എ), വരുൺ കെ.വർഗ്ഗീസ് (ജൂനിയർ ഹിന്ദി), ജോജു (പ്യൂൺ) എന്നിവരെ സെന്റ്. ഫ്രാൻസിസ് ഗേൾസ് ഹൈസ്കൂൾ മറ്റത്തിലേക്ക് ഡി.ഇ.ഓ. ചാവക്കാട് ട്രാൻസ്ഫർ ചെയ്ത് ഉത്തരവ് ഇറക്കിയിട്ടുണ്ടോ ഉണ്ടെങ്കിൽ ഉത്തരവിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ലഭ്യമാക്കുക എന്നതുമായി ബന്ധപ്പെട്ട വിവരങ്ങളായിരുന്നു. പ്രസ്തുത അപേക്ഷയ്ക്ക് നാളിതുവരെയായി മറുപടി ലഭ്യമായില്ലെന്ന് ആരോപിച്ചുകൊണ്ടാണ് കമ്മീഷൻ മുമ്പാകെ പരാതി ഹർജി സമർപ്പിച്ചത്.

2. വിവരാവകാശ നിയമപ്രകാരം 03.09.2016 ൽ സമർപ്പിച്ച അപേക്ഷയ്ക്ക് 04.10.2016 നാണ് ഫീസ് ഒടുക്കുവാനുള്ള നിർദ്ദേശം നൽകിക്കൊണ്ടുള്ള മറുപടി ലഭ്യമാക്കിയതെന്നും സമയബന്ധിതമായി മറുപടി ലഭ്യമാക്കിയില്ലെന്നും നിലവിൽ വിവരം ലഭ്യമായിട്ട് പ്രയോജനമില്ലെന്നും ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ മൊഴി നൽകുകയുണ്ടായി.

3. പരാതി ഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്ക് 06.09.2016 തീയതിയായി ഫീസ് ഒടുക്കുവാനുള്ള നിർദ്ദേശം നൽകിക്കൊണ്ട് മറുപടി നൽകിയിരുന്നുവെന്നും ടിയാൻ മൂന്നാമത്തെ ചോദ്യത്തിൽ പരാമർശിക്കുന്ന ശ്രീ.ജോ ലോറൻസ് എന്ന അദ്ധ്യാപകൻ സ്കൂൾ വിഷയങ്ങളിൽ സഹകരിക്കുന്നില്ലെന്നും മറ്റ് സ്റ്റാഫുകളുമായി പൊരുത്തപ്പെട്ട് പോകുന്നില്ലെന്നും കാണിച്ചുകൊണ്ട് പ്രധാനാദ്ധ്യാപകൻ കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ ടി അദ്ധ്യാപകനെ സ്ഥലം മാറ്റിയിട്ടുണ്ടെന്നും ബഹു.ഹൈക്കോടതിയുടെ നിർദ്ദേശ പ്രകാരം മറ്റം സെന്റ് ഫ്രാൻസിസ് സ്കൂളുകളുടെ എക്സ്-ഒഫീഷ്യോ മാനേജർ ചാവക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർ ആണെന്നും സ്കൂളുകളുടെ സുഗമമായ നടത്തിപ്പിന് ആവശ്യമായ നടപടികളാണ് എക്സ് ഒഫീഷ്യോ മാനേജർ എന്ന നിലയിൽ ചെയ്തിട്ടുള്ളതെന്നും ഹർജിക്കാരൻ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾക്ക് ടി കാര്യാലയത്തിൽ ലഭ്യമായ വിവരങ്ങൾ നൽകിയിട്ടുണ്ടെന്നും എസ്.പി.ഐ.ഒ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു.

4. പരാതി ഹർജിയും അനുബന്ധ രേഖകളും കമ്മീഷൻ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, ഹർജിക്കാരൻ 11.08.2016 ൽ സമർപ്പിച്ച വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയ്ക്ക് 06.09.2016 തീയതിയായി ഫീസ് ഒടുക്കുവാനുള്ള നിർദ്ദേശം നൽകിക്കൊണ്ടുള്ള മറുപടിയാണ് നൽകിയിരിക്കുന്നത്. വിവരാവകാശ നിയമപ്രകാരം ഒരു വ്യക്തി അപേക്ഷ സമർപ്പിക്കുമ്പോൾ 30 ദിവസത്തിനകം മറുപടി നൽകണമെന്ന് നിയമം അനുശാസിക്കുന്നത് 30 ദിവസത്തിനകം ഫീസ് ഒടുക്കുവാനുള്ള നിർദ്ദേശം നൽകണമെന്നല്ല. അപേക്ഷ സ്വീകരിച്ച് 26 ദിവസം ആകുമ്പോൾ ഫീസ് ഒടുക്കുവാനുള്ള നിർദ്ദേശം നൽകിയാൽ

എങ്ങനെയാണ് അപേക്ഷകർക്ക് 30 ദിവസത്തിനകം മറുപടി ലഭ്യമാക്കാൻ കഴിയുക. മാത്രമല്ല പ്രസ്തുത അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയപ്പോൾ അപ്പീൽ സമർപ്പിക്കുന്നതിനായി അപ്പീൽ അധികാരിയുടെ പേരു, ഔദ്യോഗിക മേൽവിലാസവും അപ്പീൽ കാലാവധി സംബന്ധിച്ച വിവരവും രേഖപ്പെടുത്തിയതായി കാണുന്നില്ല. ആയത് എതിർകക്ഷിയുടെ ഭാഗത്തുനിന്നുള്ള ഗുരുതരമായ വീഴ്ചയായി കമ്മീഷൻ നിരീക്ഷിക്കുന്നു. മേലിൽ ഇത്തരം വീഴ്ചകൾ ആവർത്തിക്കരുതെന്ന് എസ്.പി.ഐ.ഒ. യ്ക്ക് കർശന നിർദ്ദേശം നൽകുന്നു. വിവരാവകാശ അപേക്ഷയിന്മേൽ ആവശ്യപ്പെട്ട വിവരം നിലവിൽ ലഭ്യമായിട്ട് പ്രയോജനമില്ലെന്നും ആയതിനാൽ തുടർനടപടികൾ ആവശ്യമില്ലെന്നും ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ മൊഴി നൽകിയതിന്റെ അടിസ്ഥാനത്തിൽ ഈ പരാതി ഹർജിയിന്മേൽ തുടർനടപടികൾ ആവശ്യമില്ലെന്ന് കണ്ട് ഇന്നേ ദിവസം 2022 ഡിസംബർ മാസം 30-ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
**ശ്രീലത. പി. ആർ.**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**
JN